# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 12/05/ 2020

## പൊതു സ്ഥലത്ത് അറവ് മാലിന്യം തള്ളിയ വാഹനമുൾപ്പെടെ 3 പേർ അറസ്റ്റിൽ

.

കൊല്ലം : പൊതു സ്ഥലത്ത് അറവ് മാലിന്യം തള്ളിയ വാഹനം ഉൾപ്പെടെ മൂന്നു പേരെ, കണ്ണനല്ലൂർ പോലീസ് അറസ്റ്റ് ചെയ്തു, വാഹനം കസ്റ്റഡിയിലെടുത്ത് അനന്തര




നടപടികൾക്കായി ബഹു. കൊട്ടാരക്കര കോടതിക്ക് കൈമാറി. കഴിഞ്ഞ ദിവസം, ലോക് ഡൌൺ കാലയളവിൽ, പൊതു നിരത്തിൽ യാതൊരു നിയന്ത്രണവുമില്ലാതെ അലക്ഷ്യമായി അറവ് മാലിന്യം വലിച്ചെറിഞ്ഞു പോയ വാഹനം CCTV ദൃശ്യങ്ങളുടെയും, പൊതുജനങ്ങളുടെയും സഹായത്തോടെ കണ്ടെത്തുകയായിരുന്നു. വാഹനത്തിന്റെ ഡ്രൈവർ , പെരുമ്പുഴ, റിയാസ് മൻസിലിൽ, നവാസ്- 31 , സഹായിയായ പെരുമ്പുഴ പണയിൽ പുത്തെന് വീട്ടിൽ ഷമീർ -34, , വാഹനത്തിന്റെ ആർ സി ഉടമ, കിളികൊല്ലൂർ , അമ്പലത്ത് വിള വീട്ടിൽ ഷമീർ -36 എന്നിവരെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തത് . രാത്രി കാലങ്ങളിൽ അറവ് മാലിന്യം പൊതു നിരത്തിലൂടെ കടത്തികൊണ്ടു പോകുന്നത് പതിവായിട്ടുണ്ട്, ആയതിനെ തുടർന്നു കഴിഞ്ഞ ദിവസം, ജനവാസ സ്ഥലത്ത് അറവ് മാലിന്യം തള്ളിയത് വലിയ വാർത്തയും, ജന രോക്ഷത്തിന് കാരണമാകുകയും ചെയ്തിരുന്നു. തുടർന്ന് പോലീസ് നടത്തിയ ഊർജിത അന്വേഷണത്തിനോടുവിലാണ് പ്രതികളെയും വാഹനത്തെയും കസ്റ്റഡിയിലെടുത്തത്. പ്രതീകൾക്കെതിരെ പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിച്ചതിനും , പഞ്ചായത്ത് ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതികളെ അറസ്റ്റ് റികോർഡ് ചെയ്യുകയും ചെയ്തു. നെടുമ്പന പഞ്ചായത്തിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന അറവ് ശാലകൾക്കെതിരെ പഞ്ചായത്ത് അധികൃതർക്കും മറ്റും സ്റ്റേഷൻ ഹൌസ് ഓഫീസർ റിപ്പോർട്ട് നല്കിയിട്ടുള്ളതും ആയതിനെതിരെ വരും ദിവസങ്ങളിൽ ശക്തമായ നിയമ നടപടികൾ ഉണ്ടാകുമെന്നും കണ്ണനല്ലൂർ എസ് എച്ച് ഒ യു പി വിപിൻ കുമാർ അറിയിച്ചു. എസ് എച്ച് ഒ യു

പി വിപിൻ കുമാറിന്റെ നേതൃത്വ ത്തിൽ എസ് ഐ നിയാസ്, എസ് ഐ രാജേന്ദ്രൻ പിള്ള, സിപിഒ മാരായ സന്തോഷ് കുമാർ, സുരേഷ് എന്നിവർ അടങ്ങിയ പോലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.